**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3076** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികളുടെ വായ്പകൾക്ക് മോറാട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്, ശ്രീ. എം. വിൻസെന്റ്, ശ്രീമതി കെ. കെ. രമ, ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യതൊഴിലാളി സമൂഹത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മത്സ്യബന്ധന മേഖലയിൽ ട്രോളിംഗ് നിരോധന കാലത്ത് ട്രോൾ ബോട്ടുകളിൽ പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികളും, അനുബന്ധ ത്തൊഴിലാളികളും പീലിംഗ് തൊഴിലാളികളുമാണ് സാധാരണയായി പ്രതിസന്ധിയിലാകുന്നത്. നിയമപരമായി അനുവദനീയമായ മറ്റെല്ലാതരത്തിലുമുള്ള മത്സ്യബന്ധന രീതികളും കേരള തീരത്ത് ഈ സമയത്ത് അനുവദിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന ട്രോൾ ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ ത്തൊഴിലാളികൾക്കും, പീലിംഗ് ത്തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യതൊഴിലാളികളുടെ വായ്പകൾക്ക് മോറട്ടോറിയം | (ബി) | നിലവിൽ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| | അനുവദിക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | | |
| (സി) | ട്രോളിംഗ് നിരോധന സമയത്ത് മത്സ്യതൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിലിനായി പ്രത്യേക സഹായം ലഭ്യമാക്കുമോ? | (സി) | ട്രോളിംഗ് നിരോധന സമയത്ത് മാത്രമായി മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സ്വയം തൊഴിലിനായി പ്രത്യേകമായി സഹായങ്ങൾ ലഭ്യമാക്കുന്നില്ല. എന്നാൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മുഴുവൻ സമയ സ്വയം തൊഴിലിനായി ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എല്ലാ വർഷവും സാഫ് മുഖേന ഗ്രാന്റ് അനുവദിച്ച് വരുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുന്നു. രണ്ട് ഘട്ടങ്ങളിലായാണ് യൂണിറ്റുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ ഇവർക്ക് സ്ഥിരംതൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനായി മറ്റ് ഘടകങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2024-25 സാമ്പത്തിക വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി വിവിധങ്ങളായ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 500 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ